പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 3567 25. 06. 2013 ൽ മറുപടിക്ക്

ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിന് പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ.മോൻസ് ജോസഫ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിന്, കെ.എസ്.ഇ.ബി.യിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ സി.എസ്സ്.എം.സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലുകളുടെ നേതൃത്വത്തിൽ വിവിധ ഊർജ്ജ സംരക്ഷണ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ദേശീയ സമ്പാദ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ ഏജന്റുകൾ / എസ്.എ.എസ്.ഏജന്റുകൾ മുഖേനയും ബോധവൽക്കരണം നടത്തിവരുന്നുണ്ട്.<br>വൈദ്യുതി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്രദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ പ്രധാന ഉത്സവ വേദികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രദർശനങ്ങൾ ഒരുക്കാറുണ്ട്. കൂടാതെ, ഇവിടങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുമുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് പത്രദ്വാരാ നൽകുന്ന എല്ലാ ടെണ്ടർ നോട്ടീസുകളിലും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ 'കാര്യക്ഷമത |

യുള്ള വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുവാനായി ജനങ്ങളോട് ആഹ്വാനം ചെയ്യാറുണ്ട്.

ഊർജ്ജ സംരക്ഷണം ഏറ്റവും അനിവാര്യ മാകുന്നത് ഫെബ്രുവരി മുതൽ മെയ് വരെ മാസങ്ങളിലാണ്.ഈ കാലയളവിൽ വൈദ്യുതി ബോർഡ് കഴിഞ്ഞ ചില വർഷങ്ങളിലായി മാധ്യമങ്ങൾ വഴി വലിയ പ്രചാരണം നടത്തി വരുന്നുണ്ട്. 2013ലെ ഉർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയുടെ ഭാഗമായി പൊതു ജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ എന്ന ബൃഹത്തായ പദ്ധതിക്ക് മാർച്ച് 23ന് തുടക്കം കുറിച്ചു. ലാഭപ്രഭയുടെ ഭാഗമായി നോ ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയും നടപ്പാക്കിയിരുന്നു. ലാഭപ്രഭ എന്ന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിച്ചു. ഇതുവഴിയു ണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവയ്ക്കുകയാണ് ഉദ്ദേശം.

നോലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും 10 ശതമാനത്തിലധികം വൈദ്യുതി ലാഭിച്ച ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്യു. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുമായി സഹകരിച്ചാണ് ഇതു നടപ്പാക്കിയത്.

സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന പരിപാടികൾ നടത്തി വരുന്നു.

ഊർജ്ജസംരക്ഷണ നിയമത്തെക്കുറിച്ചും ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളെപ്പറ്റിയുമുള്ള ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതു സംബന്ധമായി ലഘുലേഖകൾ, ലേബലുകൾ തുടങ്ങിയവ

| | | | |
|---|---|---|---|
| | | | പ്രചരിപ്പിച്ചു വരുന്നു.<br>ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണത്തിനായി വനിതാ വാളണ്ടി യർമാർ മുഖേന ഇ. എം. സി നടത്തി വരുന്ന എനർജി ക്ലിനിക് പരിപാടി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കുടു ബശ്രീ, ഗാന്ധി സ്മാരക നിധി, ആൾ ഇന്ത്യ വുമൺസ് കൗൺസിൽ തുടങ്ങി യവരുമായി ചേർന്ന് കേരളത്തിലെ എല്ലാ ജില്ല കളിലും ബോധവല്കരണ പരിപാടികൾ നടത്തി വരുന്നു.<br>കേരളത്തിലെ എല്ലാ പൊതുജന വായന ശാലകളുമായി ചേർന്ന് ബോധവല്കരണ പരിപാടികൾ നടത്തുക എന്ന ലക്ഷ്യത്തോടു കൂടി ഇ. എം. സി നടത്തുന്ന പരിപാടിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ജില്ലാ ലൈബ്രറി കൗൺസിലുമായി ചേർന്ന് ജില്ലാ തലത്തിൽ വായനശാലാ ഭാരവാഹി കൾക്കായി ജില്ലാതല സെമിനാറുകൾ നടത്തുകയും, തുടർന്ന് വായനശാലകൾ അതാത് പ്രദേശത്ത് ബോധവല്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തു വരുന്നു.<br>കേരളത്തിലെ പഞ്ചായത്ത് പ്രസിഡന്റ് മാർക്കും ഊർജ്ജകാര്യം കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ അംഗങ്ങൾക്കും ഊർജ്ജ സംരക്ഷണ പദ്ധതികളെപ്പറ്റി അറിവു നൽകുന്നതിനായി കില(KILA) യുമായി ചേർന്ന് ബോധവല്കരണ സെമിനാറുകൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്<br>ഊർജ്ജസംരക്ഷണ മാസാചരണത്തിന്റെ ഭാഗമായി വിവിധ ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത പഠിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഊർജ്ജ സംരക്ഷണ വിദ്യാഭ്യാസം കുട്ടികളിൽ വ്യാപകമാക്കുന്നതിന്റെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് ബോധവല്കരണ പരിപാടികളും യങ് ഓഡിറ്റർ പരിപാടിയും ഐ ടി @ സ്കൂളു മായി ചേർന്ന് ഊർജ്ജ സംരക്ഷ |

| | | |
|---|---|---|
| | | ണംവിഷയമാക്കി ആനിമേഷൻ സിനിമാ നിർമ്മാണം, സി. ബി എസ്. ഇ. സ്കൂളുക ളിൽ എനർജി സ്മാർട്ട് സ്കൂൾ പരിപാടി എന്നിവ നടത്തി വരുന്നു. എല്ലാ സ്കൂളുക ളിലും ഊർജ്ജ സംരക്ഷണ പ്രവർത്തന ങ്ങൾ നടത്തുന്നതിനായി എനർജി സ്മാർട്ട് സ്കൂൾ/ നാളേക്കിത്തിരി ഊർജ്ജം പരി പാടികളും നടത്തിയിട്ടുണ്ട്.<br>ഇത്തരം പരിപാടികൾ വിപുലമാ ക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയ റക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെ ക്കൻഡറി ഡയറക്ടറേറ്റ്, നാഷണൽ സർ വ്വീസ് സ്കീംഉടങ്ങിയവരുമായി ചേർന്ന് കൂടുതൽ പരിപാടികൾക്ക് രൂപം നൽകുന്ന തിന് ഇ. എം. സി ശ്രമം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ